"ഭരണഭാഷ- മാതൃഭാഷ"

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: സുഭാഷ് ടി വി ഐ.എ.എസ്)

---

പ്രൊസീഡിംഗ്സ് നമ്പർ. എച്ച്2/163/2025-ഐ&പിആർഡി തീയതി, തിരുവനന്തപുരം (04-11-2025)

---

വിഷയം:- ഐ&പിആർഡി - പത്രപ്രവർത്തക / പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതി - പുതുതായി അംഗത്വം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: - 31.10.2025 തീയതിയിലെ എച്ച്2/163/2025-ഐ&പിആർഡി നമ്പർ സർക്കാർ കത്ത്.

<u>ഉത്തരവ്</u>

പത്രപ്രവർത്തക / പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതിയിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി സമർപ്പിക്കുന്ന അംഗത്വ അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് സൂചന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2) മുൻ വർഷങ്ങളിൽ നേരിട്ട് അംഗത്വ അപേക്ഷ സമർപ്പിച്ചവർ, അവരുടെ നിലവിലുള്ള സേവന വിവരങ്ങൾ നൽകി അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിച്ച്, ഡയറക്ടറേറ്റിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, ഓൺലൈൻ അംഗത്വം ലഭിക്കുന്നതിന് മുമ്പുള്ള അവരുടെ സേവന കാലയളവ് കൂടി പരിഗണിച്ച്, കുടിശ്ശിക തുക ഓൺലൈൻ ആയി തന്നെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ സെറ്റ് ചെയ്ത് നൽകേണ്ടതാണ്. ഇതിനായി, ഓൺലൈൻ അംഗത്വം ലഭിച്ചതിന് ശേഷം അപേക്ഷകർ ആദ്യ അംശദായ അടവ് നടത്തിയ മാസത്തിന്റെ മുൻപുള്ള മാസം വരെയുള്ള കാലയളവ് കണക്കാക്കി വേണം (അവരുടെ പഴയ ഫിസിക്കൽ രൂപത്തിലുള്ള അംഗത്വ അപേക്ഷകളിൽ നിന്ന് കൺഫർമേഷൻ തിയതി തിട്ടപ്പെടുത്തിയതിന് ശേഷം) കുടിശ്ശിക തുക അതാത് വർഷങ്ങളിലെ അംശദായ തുകയും, പത്രപ്രവർത്തക / പത്രപ്രവർത്തകേതര വിഭാഗങ്ങൾക്ക് ബാധകമായ പിഴപ്പലിശയും ചേർത്ത് കണക്കാക്കേണ്ടത്. ഇപ്രകാരം കുടിശ്ശിക ഓൺലൈൻ ആയി സെറ്റ് ചെയ്ത് നൽകുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം

Signed by
Jose L P
Date: 05-11-2025 12:41:40
സെക്ഷൻ ഓഫീസർ

പകർപ്പ് :- എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (അറിവിലേയ്ക്കായി)
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്